9. ഉപഭോക്താക്കളിൽ നിന്നും കറന്റ് ചാർജ് കുടിശ്ശിക പിരിച്ചെടുക്കുവാൻ സത്വര നടപടികൾ എടുത്തിട്ടുണ്ട്.

10. 21-10-2002-ൽ ജി.ഒ.എം.എസ്.നമ്പർ 29/02/പി.ഡി. സർക്കാർ ഉത്തരവ് അനുസരിച്ച് ഭരണപൊതുചെലവുകൾ 15% കുറയ്ക്കാൻ തീരുമാനിച്ചു.

വൈദ്യുതി രംഗത്തെ പ്രസരണ വിതരണ നഷ്ടം

4 (2281) ശ്രീ. എം. വി. ജയരാജൻ :
ശ്രീമതി ഗിരിജാസുരേന്ദ്രൻ :
ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ വൈദ്യുതി രംഗത്തെ പ്രസരണ-വിതരണ നഷ്ടം എത്ര ശതമാനമായി കുറയ്ക്കുമെന്നായിരുന്നു സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ടായിരുന്നത് ;

(ബി) ഇപ്പോൾ പ്രസരണ വിതരണ നഷ്ടം എത്ര ശതമാനമാണെന്ന് വ്യക്തമാക്കാമോ ;

(സി) 2001-02 സാമ്പത്തിക വർഷത്തെ കെ.എസ്.ഇ.ബി.യുടെ വാർഷിക കണക്കുപ്രകാരം പ്രസരണ വിതരണ നഷ്ടം എത്രയായിരുന്നു ; 2002-03-ലെ താൽക്കാലിക വാർഷിക കണക്ക് പ്രകാരം നഷ്ടമെത്ര ;

(ഡി) ഇതിൽ വൈദ്യുതിമോഷണം മൂലമുള്ള നഷ്ടം എത്ര ശതമാനം വരും ;

(ഇ) വൈദ്യുതി മോഷണവും അനധികൃത ഉപഭോഗവും തടയാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് ;

(എഫ്) ഇപ്പോഴത്തെ വൈദ്യുതിയുടെ ശരാശരി വില്പന വിലവച്ച് കണക്കാക്കുമ്പോൾ വൈദ്യുതി മോഷണം വഴി ബോർഡിന് എത്ര തുക നഷ്ടം വരുന്നുണ്ട് ?

ഉത്തരം

(എ) ഓരോ വർഷവും 2% വീതം കുറയ്ക്കുമെന്നായിരുന്നു.

(ബി) 2002-03-ലെ താൽക്കാലിക കണക്കനുസരിച്ച് പ്രസരണ വിതരണ നഷ്ടം 30% ആണ്.

(സി) 2001-02 - 32.15%
2002-03 - 30%

(ഡി) വൈദ്യുതിമോഷണം മൂലമുള്ള നഷ്ടം പ്രസരണ-വിതരണ നഷ്ടത്തിന്റെ എത്ര ശതമാനമായിരിക്കും എന്നുള്ളതിന് കൃത്യമായ കണക്ക് ലഭ്യമല്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) 1-4-2003-ൽ പുറപ്പെടുവിച്ച "ദി ഇന്ത്യൻ ഇലക്ട്രിസിറ്റി (കേരള അമന്റ്മെന്റ്) ഓർഡിനൻസ്-2003" പ്രകാരം വൈദ്യുതി, വൈദ്യുതിലൈൻ, സാധനസാമഗ്രികൾ എന്നിവ മോഷ്ടിക്കുന്നത് കുറ്റകരമാക്കിയിരുന്നു. 10-6-2003-ൽ പ്രാബല്യത്തിൽ വന്ന 2003-ലെ ഇലക്ട്രിസിറ്റി ആക്ടിലും സമാനകാല വ്യവസ്ഥകളുണ്ട്. കൂടാതെ, ഇൻസ്പെക്ടർ ജനറൽ ഓഫ് പോലീസിന്റെ (വിജിലൻസ് ആന്റ് സെക്യൂരിറ്റി) മേൽനോട്ടത്തിലും ഡെപ്യൂട്ടി ചീഫ് എഞ്ചിനീയറുടെ (ആന്റി പവർ തെഫ്റ്റ് സ്ക്വാഡ്) നിയന്ത്രണത്തിലും തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് കേന്ദ്രമാക്കി ഓരോ ആന്റി പവർ തെഫ്റ്റ് റീജിയണൽ യൂണിറ്റും, തിരുവനന്തപുരം റീജിയണൽ യൂണിറ്റിനു കീഴിൽ രണ്ടും, എറണാകുളം റീജിയണൽ യൂണിറ്റിനു കീഴിൽ മൂന്നും, കോഴിക്കോട് യൂണിറ്റിനു കീഴിൽ മൂന്നും ആന്റി പവർ തെഫ്റ്റ് സ്ക്വാഡുകൾ നിലവിലുണ്ട്. ഇതിനുപുറമേ, ഹൈടെൻഷൻ/എക്സ്ട്രാ ഹൈടെൻഷൻ മേഖലകൂടി ബോർഡിലെ ചീഫ് വിജിലൻസ് ആന്റ് സെക്യൂരിറ്റി ഓഫീസറുടെ മേലധികാരത്തിൽ കൊണ്ടുവരികയും ആയതിന് ചുമതലയ്ക്കായി മൂന്ന് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരെ ആന്റി പവർ തെഫ്റ്റ് യൂണിറ്റ്, തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ നിയമിക്കുകയും ചെയ്തിട്ടുണ്ട്.

(എഫ്) തിട്ടപ്പെടുത്തിയിട്ടില്ല.

വൈദ്യുതിയുടെ പ്രസരണ വിതരണ നഷ്ടം കുറച്ച് വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് പദ്ധതികൾ

5 (2282) ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതിയുടെ പ്രസരണ വിതരണ നഷ്ടം കുറച്ച് വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് എന്തെങ്കിലും പ്രത്യേക പദ്ധതികൾ നിലവിലുണ്ടോ ;

(ബി) പ്രസ്തുത പദ്ധതികൾ ഏതെല്ലാം ജില്ലകളിലാണ് നടപ്പിലാക്കിയിട്ടുള്ളത് ;

(സി) ഈ പദ്ധതിയിലുൾപ്പെടുത്തി വൈദ്യുതി ബോർഡ് എന്തെല്ലാം പ്രവൃത്തികളാണ് ഏറ്റെടുക്കുന്നത് എന്ന് വ്യക്തമാക്കുമോ ;

(ഡി) മറ്റ് ഏതെങ്കിലും ജില്ലയിലേക്ക് ഈ പദ്ധതി വ്യാപിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ ഏതെല്ലാം ജില്ലകളിൽ എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ട്. ഓക്സിലറ്റൈഡ് പവർ ഡവലപ്മെന്റ് റിഫോംസ് പ്രോഗ്രാം (എ.പി.ഡി.ആർ.പി.) എന്ന പ്രത്യേക പദ്ധതി നിലവിലുണ്ട്.

(ബി) എ.പി.ഡി.ആർ.പി. പത്തനംതിട്ട, മഞ്ചേരി, കാസർഗോഡ് എന്നീ ഇലക്ട്രിക്കൽ സർക്കിളുകളിലും തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കൊച്ചി, കോഴിക്കോട്, തലശ്ശേരി, കണ്ണൂർ എന്നീ ടൗണുകളിലുമാണ് നടപ്പിലാക്കി തുടങ്ങിയിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly